**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1052** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>വൈപ്പിൻ കനോസ്സ യു.പി സ്കൂൾ അപ്ഗ്രഡേഷനും ടി.ഡി ഹൈസ്കൂളിലെ ഹയർ സെക്കണ്ടറി എയ്ഡഡ് ബാച്ചും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് ഷിയാസ്

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** 1941-ൽ സ്ഥാപിതമായതും പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്നതുമായ വൈപ്പിൻ കനോസാ യു.പി. സ്കൂളിലെ വിദ്യാർത്ഥികൾ തുടർവിദ്യാഭ്യാസത്തിനായി കിലോമീറ്ററുകൾ യാത്ര ചെയ്യേണ്ടി വരുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കിക്കൊണ്ട് പ്രസ്തുത സ്കൂളിനെ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** (എ) പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനോ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ സർക്കാർ നയപരമായ തീരുമാനം ഒന്നുംതന്നെ എടുത്തിട്ടില്ല. കൂടാതെ, പുതുതായി സ്കൂളുകൾ അനുവദിക്കുന്നത്/അപ്ഗ്രേഡ് ചെയ്യുന്നത്/ പുന:ക്രമീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലുമാണ്. മാത്രമല്ല, 13.06.2007- ലെ സ.ഉ(പി)നം.107/2007/ പൊവിവ ഉത്തരവ് അനുസരിച്ച് സംസ്ഥാനത്ത് പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുമുണ്ട്. വിദ്യാഭ്യാസ അവകാശ നിയമത്തിൻറെ ഭാഗമായി സംസ്ഥാനത്തെ എസ്.എസ്.കെ. സ്കൂൾ മാപ്പിംഗ് നടത്തി, വിദ്യാഭ്യാസ വിദൂരപ്രദേശങ്ങളെ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങളിലെ സ്കൂളുകളെ മാത്രമേ നിലവിൽ അപ്ഗ്രഡേഷന് പരിഗണിക്കുകയുള്ളൂ. എറണാകുളം ജില്ലയിലെ വൈപ്പിൻ കനോസാ യു.പി.സ്കൂൾ നിൽക്കുന്ന പ്രദേശം ഈ വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടില്ല. മേൽ സാഹചര്യത്തിൽ, എറണാകുളം ജില്ലയിലെ വൈപ്പിൻ കനോസാ യു.പി.സ്കൂൾ അപ്ഗ്രഡ് ചെയ്യണം എന്ന ആവശ്യം പരിഗണിക്കുവാൻ ഇപ്പോൾ നിർവാഹമില്ല.

**(ബി)** കൊച്ചി മണ്ഡലത്തിലെ തിരുമല ദേവസ്വം (ടി.ഡി) ഹയർ സെക്കണ്ടറി സ്കൂളിലെ അൺഎയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ഹയർ സെക്കണ്ടറി വിഭാഗത്തെ പ്രദേശത്തെ കുട്ടികളുടെ പഠനസൗകര്യം കണക്കിലെടുത്ത് എയ്ഡഡ് ആക്കി മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** (ബി) KER Chapter-V, Rule -6 (vii) പ്രകാരം, അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള ഒരു വ്യവസ്ഥ പ്രസ്തുത സ്കൂൾ എയ്ഡഡ് പദവി ആവശ്യപ്പെടുവാൻ പാടില്ലായെന്നതാണ്. കൂടാതെ, അൺ എയ്ഡഡ് സ്കൂളുകൾ എയ്ഡഡ് ആക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുമില്ല. മേൽ സാഹചര്യത്തിൽ, കൊച്ചി മണ്ഡലത്തിലെ

തിരുമല ദേവസ്വം (ടി.ഡി) ഹയർ സക്കണ്ടറി സ്കൂളിലെ അൺഎയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന ഹയർ സെക്കണ്ടറി വിഭാഗത്തെ എയ്ഡഡ് ആക്കി മാറ്റണമെന്ന ആവശ്യം നിലവിൽ പരിഗണിക്കാൻ നിർവ്വാഹമില്ല.

**സെക്ഷൻ ഓഫീസർ**